**ഗ്രാമ ന്യായാലയം, ഇരിക്കൂർ.**
**സാന്നിദ്ധ്യം: ശ്രീ ശ്രീജയൻ വി, ന്യായാധികാരി, ഇരിക്കൂർ.**
തീയ്യതി 2026 മാർച്ച് 21 (ഫാൽഗുനം 30)

**കലണ്ടർ കേസ് നമ്പർ 119/2022**

പരാതിക്കാരൻ : സ്റ്റേഷൻ ഹൗസ് ഓഫീസർ,
ഇരിക്കൂർ പോലീസ് സ്റ്റേഷൻ.
ക്രൈം നമ്പർ 639/2022
(കേരള സർക്കാറിനു വേണ്ടി)
(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ അബ്ദുൽ സത്താർ വി പി)

പ്രതി : നൂറുദ്ധീൻ കെ, S /o കമാൽ പി.സി, വയസ്സ് 65,
ബൈത്തുൽ ഹാദി , കോട്ടയം അംശം, തല റോഡ്,
പാറാൽ.
(അഡ്വക്കേറ്റ് ശ്രീ ഇ. സനിൽ കുമാർ )

ചാർജ് : ഇന്ത്യൻ ശിക്ഷാനിയമം 447,427 IPC വകുപ്പ്
വാദം : കുറ്റക്കാരനല്ല
കണ്ടെത്തൽ : കുറ്റക്കാരനല്ല
ശിക്ഷ/ഉത്തരവ് : ഈ കേസിലെ പ്രതിയെ Section 255 (1), The Code of Criminal Procedure, 1973 പ്രകാരം വെറുതെ വിട്ടിരിക്കുന്നു.

പ്രതിയെ കുറിച്ചുള്ള വിവരണം

| ക്രമ നമ്പർ | പ്രതിയുടെ പേര് | വയസ്സ് | ഭർത്താവിന്റെ പേര് | പ്രവർത്തി | വിലാസം |
|---|---|---|---|---|---|
| 1 | നൂറുദ്ധീൻ കെ | 65 | കമാൽ പി.സി | | ബൈത്തുൽ ഹാദി , കോട്ടയം അംശം, തല റോഡ്, പാറാൽ |

സംഭവം നടന്ന തീയ്യതി : 15.09.2022

പരാതി കൊടുത്ത തീയ്യതി : 21.09.2022

അറസ്റ്റ് ചെയ്ത തീയ്യതി :

ജാമ്യത്തിൽ വിട്ട തീയ്യതി :

വിചാരണ തുടങ്ങിയ തീയ്യതി : 20.04.2023

വിചാരണ അവസാനിച്ച തീയ്യതി : 17.03.2026

വിധി തീയ്യതി : 21.03.2026

## വിധിന്യായം

1. പ്രോസിക്യൂഷൻ കേസിന്റെ സാരാംശം ഇപ്രകാരം ആണ്. 2022 സെപ്റ്റംബർ മാസം 15-ാം തീയതി പടിയൂർ അംശം , പെടയങ്ങോട് എന്ന സ്ഥലത്ത് പെടയങ്ങോട് പാലക്കുണ്ടം റോഡിന്റെ വടക്ക് താഹിറ, W/o ഖാലിദ് കാനത്തിൽച്ചിറ എന്നിവരുടെ പേരിലുള്ള റീസർവേ നമ്പർ 115/43-പ്പെട്ട സ്ഥലത്തിന്റെ വടക്ക് ഭാഗം അതിരിനോട് ചേർന്ന ഭാഗത്ത് പ്രതി അതിക്രമിച്ച് കയറി ഹൈഡ്രോളിക് എക്സ്കവേറ്ററും മറ്റും ഉപയോഗിച്ച് ഉരുളൻ ചെങ്കല്ല് കൊണ്ട് നിർമ്മിച്ചതായ മതിൽക്കെട്ട് പൊളിച്ച് സ്ഥലം ഇളക്കി മറിച്ച് നാശ നഷ്ടങ്ങൾ ഉണ്ടാക്കി 447, 427 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിരിക്കുന്നു.

2. ആയതിന് ഇരിക്കൂർ പോലീസ് ക്രൈം നമ്പർ 639/2022 നമ്പറായി Section 447,427 IPC പ്രകാരം ക്രൈം രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിൽ ഈ കോടതി

മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും കോടതി ആയതിൽ കോഗ്നൈസൻസ് എടുത്തിട്ടുള്ളതും ഈ കേസിലെ പ്രതിക്ക് സമൻസ് അയച്ചിട്ടുള്ളതുമാണ്.

3. ഈ കേസിലെ പ്രതിക്ക് സമൻസ് അയച്ചതിൽ പ്രതി വക്കീൽ മുഖാന്തരം കോടതി മുമ്പാകെ ഹാജരായിട്ടുള്ളതാണ്. പ്രതിക്ക് രേഖകളുടെ കോപ്പി കൊടുത്തിട്ടുള്ളതാണ്. പ്രതിക്ക് കുറ്റാരോപണത്തിന്റെ സാരാംശം വായിച്ച് കേൾപ്പിച്ചതിൽ പ്രതി കുറ്റം ചെയ്തിട്ടില്ല എന്ന് കോടതി മുമ്പാകെ അറിയിച്ചതിനാൽ മേൽ നമ്പർ കേസിലെ സാക്ഷികൾക്ക് സമൻസ് അയച്ചിട്ടുള്ളതാണ്.

4. ഈ കേസിൽ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും, 11 സാക്ഷികളുടെ പട്ടിക തന്നിട്ടുള്ളതും ആയതിൽ 9 സാക്ഷികളെ വിസ്തരിച്ചിട്ടുള്ളതുമാണ്. ആയതിന് ശേഷം ഈ കേസിലെ പ്രതിയുടെ Section 313 The Code of Criminal Procedure പ്രകാരമുള്ള എക്സാമിനേഷൻ വെച്ചിട്ടുള്ളതും ടി സമയത്ത് പ്രതി കുറ്റം ഒന്നും ചെയ്തിട്ടില്ല നിരപരാധിയാണ് എന്ന് കോടതിയിൽ പറഞ്ഞിട്ടുള്ളതുമാണ്. ആയതിന് ശേഷം പ്രതി ഭാഗത്ത് നിന്നും തെളിവുകളൊന്നും ഇല്ലാത്തതിനാൽ മേൽ നമ്പർ കേസ് ഹിയറിംഗിന് വച്ചിട്ടുള്ളതാണ്.

5. ഇരുഭാഗവും കേട്ടു, രേഖകൾ പരിശോധിച്ചു.

6. ഈ കേസിൽ താഴെപ്പറയും പ്രകാരം തർക്കവിഷയങ്ങൾ ഈ കോടതി മുമ്പാകെ പരിഗണനക്ക് വന്നിട്ടുള്ളതാണ്.

1)15.09.2022 തീയതി പെടയങ്ങോട്ടുള്ള ഈ കേസിലെ ചാർജ്ജ് ഭാഗം 5-ാം സാക്ഷിയുടെ പറമ്പിലേക്ക് ഈ കേസിലെ പ്രതി അതിക്രമിച്ചു കയറി ഈ കേസിലെ പ്രതി Section 447 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2)15.09.2022 തീയതി ഈ കേസിലെ ചാർജ്ജ് ഭാഗം 5-ാം സാക്ഷിയുടെ പറമ്പിലേക്ക് അതിക്രമിച്ചു കയറി ഉരുളൻ കല്ല് കൊണ്ടുള്ള കയ്യാല നശിപ്പിച്ച് Section 427 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

3) അപ്രകാരമെങ്കിൽ ഉചിതമായ ശിക്ഷ എന്താണ്?

7. ഇവിടെ കോടതി മുമ്പാകെയുള്ള തെളിവുകൾ അവലോകനം ചെയ്യുകയാണെങ്കിൽ, ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി ഈ കേസിലെ ചാർജ് ഭാഗം 5-ാം സാക്ഷി എന്റെ ഉമ്മയാണ് എന്നും ടിയാരിയുടെ പേരിലാണ് സ്ഥലമെന്നും 15.09.2022 തീയതിക്കാണ് കേസിനാസ്പദമായ സംഭവമുണ്ടായത് എന്നും അലി ആണ് എന്നെ 16.9.2022 ന് വിളിച്ച് പറഞ്ഞത് എന്നും. പ്രതി ഹിറ്റാച്ചി ഉപയോഗിച്ച് വഴിയാക്കി 110 മീറ്റർ നീളത്തിൽ എന്നാണ് അലി വിളിച്ച് പറഞ്ഞത് എന്നും പോലീസിന് സംഭവ സ്ഥലവും റോഡും കാണിച്ചു കൊടുത്തിരുന്നു എന്നും പ്രതിക്ക് സ്ഥലത്തിന് അരികെ പ്രോപ്പർട്ടി ഉണ്ട് ആയതിലേക്ക് വഴി വേണം , പ്രതി ഇന്ന് കോടതിയിൽ വന്നിട്ടുണ്ട് എന്ന് മൊഴി തന്നിട്ടുള്ളതാണ്. എതിർവിസ്താരത്തിൽ CCTV FOOTAGE ഹാജരാക്കിയിട്ടില്ല

പോലീസ് മുൻപാകെ എന്നും CCTV ദൃശ്യത്തിൽ നൂറുദീൻ ഉണ്ട് എന്നും മൊഴി തന്നിട്ടുള്ളതാണ് , താൻ സംഭവം നേരിട്ട് കണ്ടിട്ടില്ല എന്നും മൊഴി തന്നിട്ടുള്ളതാണ് .

8. ഈ കേസിലെ രണ്ടാം സാക്ഷി താൻ ഒരു ഡ്രൈവർ ആണ് എന്നും , ഈ കേസിലെ സംഭവം ഉണ്ടായത് 15. 9. 2022 തിയതി ആണ് എന്നും , രാവിലെ 11 മണിയോട് കൂടി ആണ് സംഭവം എന്നും , മുഹമ്മദ് എന്ന് പറയുന്ന ആളാണ് ഹിറ്റാച്ചി വിളിച്ചത് എന്നും , ഒരു ചെറിയ ഭാഗം വേറെ ഒരാളുടെ വസ്തു ആണ് എന്ന് പറഞ്ഞു തർക്കം ഉണ്ടായി എന്ന് മൊഴി തന്നിട്ടുള്ളതാണ് . ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി മുഹമ്മദലി എന്നിവർ സംഭവം നടന്നത് 2001-ലാണ്. അല്ല 2004-ലാണ് എന്നും രാവിലെ ഞാൻ പണിക്കു പോകുമ്പോൾ കണ്ടില്ല. ഞാൻ നോക്കുന്ന പറമ്പ് താഹിറ എന്ന് പറയുന്ന ഒരാളുടെ പറമ്പാണ് ഞാൻ കണ്ടത് ഹിറ്റാച്ചി അല്ലാതെ ഒരു ടിപ്പർ ലോറിയും അവിടെ ഉണ്ടായിരുന്നു, അവർ ഹിറ്റാച്ചിയും ടിപ്പർ ലോറിയും ഉപയോഗിച്ച് മരങ്ങൾ മുറിച്ച് റോഡാക്കുന്നതാണ് കണ്ടത്. അവിടെ കുറച്ച് പേർ ആണ് ഉണ്ടായിരുന്നത്, ആരാണ് പണി എടുപ്പിച്ചിരുന്നത് എന്ന് അറിയില്ല. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയോട് Indian Evidence Act 154-ാം വകുപ്പ് പ്രകാരം ഉള്ള ചോദ്യങ്ങൾ ചോദിക്കുന്നതിനുള്ള അനുമതി ബഹുമാന്യനായ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ ചോദിച്ചിരുന്നതും ആയത് നൽകിയിട്ടുള്ളതുമാണ്, ആയതിന് ശേഷം Ext. P3, Ext. P4 എന്നിവ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി മുഖാന്തരം

മാർക്ക് ചെയ്തിട്ടുള്ളതാണ്. പ്രതിയുമായി സൗഹാർദത്തിലാണ് എന്ന് പ്രോസിക്യൂഷൻ ഭാഗം മൂന്നാം സാക്ഷി മൊഴി തന്നിട്ടുള്ളതാണ്. ഈ കേസിലെ ചാർജ് ഭാഗം 4-ാം സാക്ഷിയുടെ ജ്യേഷ്ഠനാണ് മുഹമ്മദ് എന്നും മൊഴി തന്നിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 4-ാം സാക്ഷി മുഖാന്തരം Ext. P 5 മാർക്ക് ചെയ്തിട്ടുള്ളതാണ്. Ext. P5, ഒരു കൈവശ അവകാശ സർട്ടിഫിക്കറ്റാണ്, ആയത് പ്രകാരം പെടയങ്ങോട് എന്ന സ്ഥലത്ത് വില്ലേജ് റെക്കോർഡുകൾ പ്രകാരം പടിയൂർ അംശം പെരുമണ്ണ് ദേശത്ത് റീ സർവേ നമ്പർ 115/43 ൽ പെട്ട വി കെ താഹിറ, ഖാലിദ് ഭാര്യ, ബിസ്മില്ല കോട്ടയം മലബാർ എന്നയാളുടെ കൈവശത്തിലാണ് 0.4841. ഹെക്ടർ സ്ഥലം എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം 5-ാം സാക്ഷി, താൻ ഒരു സിവിൽ എഞ്ചിനീയറാണ് എന്നും പോലീസ് ആവശ്യപ്പെട്ട പ്രകാരം കൊടുത്ത valuation certificate ആണ് തന്നെ കാണിച്ചത് എന്നും. ആയതിൽ തന്റെ ഒപ്പുണ്ട് എന്നും മൊഴി തന്നിട്ടുള്ളതാണ്. valuation certificate ടിയാൻ മുഖാന്തരം മാർക്ക് ചെയ്തിട്ടുള്ളതാണ്. ടിയാന്റെ എതിർവിസ്താരത്തിൽ 88-ലോഡ് ഉരുളൻ കല്ലോളം സ്ഥലത്തുണ്ടായിരുന്നു. ആയതിന്റെ മാർക്കറ്റ് വില, 2,90,400/- രൂപയാണ് എന്നും total length എടുത്തു അത് വെച്ചിട്ടാണ് മാർക്കറ്റ് വില നിശ്ചയിച്ചത് എന്നും മൊഴി തന്നിട്ടുള്ളതാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം, 6-ാം സാക്ഷി മുഖാന്തരം Ext P 7 മാർക്ക് ചെയ്തിട്ടുള്ളതാണ്. Ext. P7 EXCAVATOR ന്റെ ബോഡി മഹസർ ആണ്.

9. ഇവിടെ പ്രോസിക്യൂഷൻ ഭാഗം തെളിവുകൾ പരിശോധിക്കുമ്പോൾ പ്രോസിക്യൂഷൻ ഭാഗത്തു നിന്നും യാതൊരു ദൃക്സാക്ഷിയും ഇല്ലാത്തതാണ് ഇവിടെ ഒന്നാം സാക്ഷിയായ സ്ഥലം ഉടമയുടെ മകനായ താസിർ എന്നിവർ താൻ സംഭവം കണ്ടിട്ടില്ല എന്നും സംഭവത്തെ കുറിച്ച് പറഞ്ഞുകേട്ട അറിവാണ് എന്നും പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയാണ് തന്നോട് സംഭവത്തെപ്പറ്റി പറഞ്ഞത് എന്നും മൊഴി തന്നിട്ടുള്ളതാണ്. ഇവിടെ CCTV FOOTAGE ഉണ്ട് സംഭവത്തിന്റെ എന്നാൽ ആയത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. ഇവിടെ കോടതി മുമ്പാകെ അപ്രകാരം ഒരു CCTV FOOTAGE ഹാജരാക്കിയിട്ടില്ല. ഈ കേസിലെ പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി അപ്രകാരം ഒരു CCTV FOOTAGE പോലീസ് മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ് അപ്രകാരം ഒരു CCTV FOOTAGE ഉണ്ടായിട്ടും ആയതിൽ പ്രതി ഉണ്ട് എന്ന് പ്രോസിക്യൂഷൻ ഭാഗം ഒന്നാം സാക്ഷി മൊഴി തന്നിട്ടും അപ്രകാരം ഒരു CCTV FOOTAGE ഈ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതാണ്. ഈ കോടതി മുമ്പാകെ ചാർജ് ഭാഗം 5-ാം സാക്ഷിയായ താഹിറ എന്നിവരെ വിസ്തരിച്ചിട്ടില്ലാത്തതാണ്. ടിയാരിയാണ് ഈ വസ്തുവിന്റെ ഉടമസ്ഥ. ടിയാരിക്കെതിരെ NON BAILABLE WARRANT ISSUE ചെയ്തിട്ടുള്ളതും മടങ്ങിയിട്ടുള്ളതുമാണ്. ടിയാരിക്ക് അയച്ച വാറന്റ് റിപ്പോർട്ടിന്റെ കൂടെ ടിയാരിയുടെ മെഡിക്കൽ സർട്ടിഫിക്കറ്റും കോടതി മുൻപാകെ ഹാജരാക്കിയിട്ടുള്ളതാണ്. ടിയാരിക്ക് പ്രായാധിക്യം മൂലം കോടതി മുറിയിൽ വരാൻ

സാധിക്കില്ല. ടിയാരിയെ വിസ്തരിക്കാത്തതു കൊണ്ട് ഈ കേസ് നിലനിൽക്കില്ല എന്നാണ് പ്രതികൾ ഭാഗത്തു നിന്നും വാദിച്ചു വന്നിട്ടുള്ളത്, പക്ഷേ ടിയാരിക്ക് സുഖമില്ലാത്തത് കൊണ്ട് ടിയാരിക്ക് കൂടി വേണ്ടിയാണ് ടിയാരിയുടെ മകൻ മൊഴി തന്നിട്ടുള്ളത്.

10. ആയതുപോലെ തന്നെ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയുടെ മൊഴിയും വിശ്വാസയോഗ്യമല്ല. ഇവിടെ പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി പ്രോസിക്യൂഷന് അനുസൃതമായി മൊഴി നൽകാത്തതിനാൽ ടിയാനെ ബഹുമാനപ്പെട്ട അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ Section 154, Indian Evidence Act പ്രകാരമുള്ള ചോദ്യങ്ങൾ ചോദിക്കുവാനുള്ള അനുമതി ചോദിച്ചിട്ടുള്ളതും ആയത് കൊടുത്തിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി അവിടെ കുറച്ചു പേരുണ്ടായിരുന്നു ആരാണ് പണി എടുപ്പിച്ചിരുന്നത് എന്ന് അറിയില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷി സംഭവ തീയതി കൃത്യമായി കോടതി മുമ്പാകെ പറഞ്ഞിട്ടില്ലാത്തതാണ്. പ്രോസിക്യൂഷൻ ഭാഗം 3-ാം സാക്ഷിയുടെ മൊഴി വിശ്വാസയോഗ്യമല്ലാത്തതാണ്. ഇവിടെ പ്രോസിക്യൂഷൻ ഭാഗം അഞ്ചാം സാക്ഷിയുടെ മൊഴിയിൽ നിന്നും Ext. P 5 സർട്ടിഫിക്കറ്റിൽ നിന്നും താഹിറ എന്നിവരുടെ പേരിൽ പെരുമണ്ണ് ദേശത്ത് റീ സർവേ നമ്പർ 115-43-ൽ പെട്ട. 0.4841 ഹെക്ടർ സ്ഥലമുണ്ട് എന്ന് കോടതി മുമ്പാകെ ബോധ്യപ്പെട്ടിട്ടുള്ളതാണ്, പക്ഷേ ടി സ്ഥലത്തു കൂടെയാണ് വഴി

വെട്ടിയത് എന്ന് തെളിയിക്കത്തക്കതായി യാതൊന്നും തന്നെ ഈ കോടതി മുമ്പാകെ. പ്രോസിക്യൂഷന് കൊണ്ടുവരാൻ സാധിച്ചിട്ടില്ലാത്തതാണ് ഈ കോടതി മുമ്പാകെ നാശനഷ്ടം കണക്കാക്കുന്നതിനായി ഒരു പ്രൈവറ്റ് വാല്യുവേഷൻ എൻജിനീയർ ഹാജരാക്കിയ സർട്ടിഫിക്കറ്റാണ് കോടതി മുൻപാകെ ഹാജരാക്കിയിട്ടുള്ളത്. ഇവിടെ 88 ലോഡ് ഉരുളൻ കല്ല് ഉണ്ടായിരുന്നു എന്നും. 88 ലോഡ് ഉരുളൻ കല്ലിന്റെ വില കണക്കാക്കിയാണ്. 2,90,400/- രൂപയുടെ നഷ്ടമുണ്ടായി എന്ന് പ്രോസിക്യൂഷൻ ഭാഗം അഞ്ചാം സാക്ഷി മൊഴി തന്നിട്ടുള്ളത്. പക്ഷേ ഉരുളൻ കല്ലിന്റെ വില ഒരു ലോഡിന് എത്രയാണ് എന്നോ, ആയത് എന്ത് അടിസ്ഥാനത്തിൽ കണക്കു കൂട്ടിയത് എന്നോ തുടങ്ങിയ യാതൊരു കണക്കും ഈ ആണ് എന്നത് സംബന്ധിച്ചു യാതൊന്നും തന്നെ കോടതി ഹാജരാക്കിയിട്ടില്ലാത്തതാണ്. ആയത് കൂടാതെ ടിയാന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള അധികാരത്തെപ്പറ്റിയും ടിയാന്റെ expertise നെ പറ്റിയും ഈ കോടതി മുമ്പാകെ പ്രോസിക്യൂഷൻ യാതൊരു തെളിവും നൽകിയിട്ടില്ലാത്തതാണ്. ഇവിടെ ഈ കേസിലെ പ്രതിയെ ഈ കേസിനാസ്പദമായ സംഭവവുമായി ബന്ധിപ്പിക്കുന്നതിനായി യാതൊരു തെളിവും പ്രോസിക്യൂഷന് ഈ കോടതി മുമ്പാകെ ഹാജരാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. ആയത് കൊണ്ട് 2022 സെപ്റ്റംബർ മാസം 15-ാം തീയതി പടിയൂരംശം പെടയങ്ങോട് എന്ന സ്ഥലത്ത് പെടയങ്ങോട് പാലക്കുണ്ടം റോഡിന്റെ വടക്ക് ഭാഗം സ്ഥിതി ചെയ്യുന്ന താഹിറ ഖാലിദ് ഭാര്യ എന്നിവരുടെ ഉടമസ്ഥതയിലുള്ള

സ്ഥലത്തിന്റെ വടക്ക് ഭാഗം അതിരിനോട് ചേർന്ന് പ്രതി അതിക്രമിച്ച് കയറി ഹൈഡ്രോളിക് എക്സ്കവേറ്ററും മറ്റും ഉപയോഗിച്ച് ഉരുളൻകല്ല്, ചെങ്കല്ല്, എന്നിവ കൊണ്ട് നിർമ്മിച്ചതായ മതിൽക്കെട്ട് പൊളിച്ച് ഇളക്കി നാശനഷ്ടങ്ങൾ ഉണ്ടാക്കി 447, 427 IPC പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ട് എന്ന് സംശയാതീതമായി തെളിയിക്കുന്നതിന് പ്രോസിക്യൂഷന് സാധിച്ചിട്ടില്ലാത്തതാണ്. ആയതുകൊണ്ട് തർക്കവിഷയം 1 ,2 എന്നിവ ഈ കോടതി പ്രോസിക്യൂഷന് എതിരായി കാണുന്നു.

11. തർക്കവിഷയം 1, 2 എന്നിവ പ്രോസിക്യൂഷന് എതിരായി ഈ കോടതി കണ്ടെത്തിയതിനാൽ ഈ കേസിലെ പ്രതിയെ 255 (1), The Code of Criminal Procedure 1973 പ്രകാരം ഈ കോടതി വെറുതെ വിട്ട് ഇതിനാൽ ഉത്തരവാകുന്നു. പ്രതിയുടെ ജാമ്യ ബോണ്ടുകൾ റദ്ദാക്കിയിരിക്കുന്നു.

Sd/-

**ന്യായാധികാരി**

**അനുബന്ധം :-**

**പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ**

പ്രോസിക്യൂഷൻ സാക്ഷി 1:-താസിർ വി കെ

പ്രോസിക്യൂഷൻ സാക്ഷി 2:-രാഹുൽ

പ്രോസിക്യൂഷൻ സാക്ഷി 3:-മുഹമ്മദ് അലി

പ്രോസിക്യൂഷൻ സാക്ഷി 4:-പുരുഷോത്തമൻ വി എം

പ്രോസിക്യൂഷൻ സാക്ഷി 5:-മൻസൂർ കുന്നുവയിൽ

പ്രോസിക്യൂഷൻ സാക്ഷി 6:- സുമേഷ്

പ്രോസിക്യൂഷൻ സാക്ഷി 7:- ഷാജൻ സി ഇ

പ്രോസിക്യൂഷൻ സാക്ഷി 8:- കുഞ്ഞു മൊയ്ദീൻ എ കെ (Grade ASI,ഇരിക്കൂർ പോലീസ് സ്റ്റേഷൻ)

പ്രോസിക്യൂഷൻ സാക്ഷി 9:- ഷീജ എം വി (S. I ഇരിക്കൂർ പോലീസ് സ്റ്റേഷൻ)

**പ്രോസിക്യൂഷൻ രേഖവിവരം:-**

P1:- FIS PW 1 മുഖാന്തരം മാർക്ക് ചെയ്തു

P2:- സീൻ മഹസർ PW 3 മുഖാന്തരം മാർക്ക് ചെയ്തു

P3:- Portion of 161 statement PW3 മുഖാന്തരം മാർക്ക് ചെയ്തു

P4:- Portion of 161 statement PW 3 മുഖാന്തരം മാർക്ക് ചെയ്തു

P5:- Possession certificate PW 4 മുഖാന്തരം മാർക്ക് ചെയ്തു

P6:- Valuation certificate PW 5 മുഖാന്തരം മാർക്ക് ചെയ്തു

P7:- Body mahasar PW 6 മുഖാന്തരം മാർക്ക് ചെയ്തു

P8:- FIR PW 7 മുഖാന്തരം മാർക്ക് ചെയ്തു

P9:- 41(A) CrPc notice PW 8 മുഖാന്തരം മാർക്ക് ചെയ്തു

P10:- Address adding report PW 8 മുഖാന്തരം മാർക്ക് ചെയ്തു

P11:- Kacheet PW 8 മുഖാന്തരം മാർക്ക് ചെയ്തു

**പ്രതിഭാഗം സാക്ഷികൾ** :- ഇല്ല

**പ്രതിഭാഗം രേഖാവിവരം** :- ഇല്ല

**മുദ്രണം ചെയ്യപ്പെട്ട തൊണ്ടി മുതലുകൾ** :- ഇല്ല

//True copy//

**ന്യായാധികാരി**